**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1217** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കൊച്ചി മണ്ഡലത്തിലെ പൊക്കാളി കൃഷിയും പാടശേഖര വികസനവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കൊച്ചി മണ്ഡലത്തിലെ ചെല്ലാനം മേഖലയിൽ ആകെയുള്ള പതിമൂന്ന പാടശേഖരങ്ങളിൽ നിലവിൽ ആറെണ്ണത്തിൽ മാത്രമാണ് പൊക്കാളി കൃഷി നടത്തിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u> ഉണ്ട് .**

**(ബി)** കണ്ടക്കടവ്, മരുവക്കാട്, ഗണപതിക്കാട്-എ, ഗണപതിക്കാട്-ബി, നോർത്ത് ചെല്ലാനം, ചാലിപ്പുറം എന്നീ പാടശേഖരങ്ങളിലെ ഔട്ടർ ബണ്ടുകളിലെ ചോർച്ച മൂലം കൃഷിക്ക് ബുദ്ധിമുട്ട് നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u> പൊക്കാളികൃഷിയുടെ ഉന്നമനത്തിനായി രൂപീകരിച്ചിട്ടുള്ള Pokkali Land Development Authority (PLDA) യുടെ ചെയർപേഴ്സൺ എറണാകുളം ജില്ലാ കളക്ടറും , കൺവീനർ Principal Agricultural Officerഉം ആണ്. ഈ അതോറിറ്റി എല്ലാ മാസവും പൊക്കാളി കൃഷിയുടെ അവലോകനത്തിനായി യോഗം ചേരുകയും യോഗ തീരുമാന പ്രകാരം ആവശ്യമായ പ്രവർത്തികൾ തീരുമാനിക്കുകയും ചെയ്യുന്നു.**

**കണ്ടക്കടവ് പുറം ബണ്ട് ചോർച്ച തടയാനുള്ള പ്രവർത്തിക്കായി 83 ലക്ഷം രൂപ ജലസേചന വകുപ്പ് ഫണ്ട് അനുവദിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.**

**എറണാകുളം ജില്ലാ കളക്ടർ ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി മറുവക്കാട് പുറം ബണ്ട് ചോർച്ച തടയുന്നതിനു 45 ലക്ഷം രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തി ടെൻഡർ സ്റ്റേജിൽ ആണ്.**

**ഗണപതിക്കാട്-എ, ഗണപതിക്കാട്-ബി, നോർത്ത് ചെല്ലാനം എന്നീ പാടശേഖരങ്ങളുടെ ഔട്ടർ ബണ്ട് ബലപ്പെടുത്തി ലഭിക്കാനുള്ള അപേക്ഷ കൃഷി ഭവനിൽ നിന്ന് മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുണ്ട് എന്നും ചാലിപ്പുറം ഔട്ടർ ബണ്ട് ചോർച്ച നിലവിൽ ഇല്ല എന്നും കൃഷി ഡയറക്ടർ അറിയിച്ചിട്ടുണ്ട് .**

**(സി)** മേൽപ്പറഞ്ഞ പാടശേഖരങ്ങളിൽ കണ്ടക്കടവ് ഔട്ടർ ബണ്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്ന സാഹചര്യത്തിൽ, ബാക്കിയുള്ള പാടശേഖരങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും പൊക്കാളി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി തകർന്നുകിടക്കുന്ന ഔട്ടർ

ബണ്ടുകൾ കരിങ്കല്ല് ഉപയോഗിച്ച് പുനർനിർമ്മിച്ച് അടിയന്തരമായി ബലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u> ബണ്ടുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ ചെയ്യുന്നത് ജലസേചന വകുപ്പായതിനാൽ തകർന്നു കിടക്കുന്ന ബണ്ടുകളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനായി ചെല്ലാനം കൃഷി ഭവനിൽ നിന്ന് അപേക്ഷ ജലസേചന വകുപ്പിന് നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.**

**(ഡി)** കുമ്പളങ്ങി പഞ്ചായത്തിൽ ഒരു നെല്ലും മീനും പദ്ധതിയുടെ ഭാഗമായി പൊക്കാളി കൃഷി ആരംഭിക്കുന്നതിന് മുന്നോടിയായി പാടങ്ങൾ കൃത്യസമയത്ത് ഉണക്കി കൃഷിയോഗ്യമാക്കുന്നതിനായി നിലവിൽ തീരുമാനിച്ചിട്ടുള്ള ഏപ്രിൽ 15 എന്ന തീയതി ഏപ്രിൽ 1-ലേക്ക് മാറ്റി മുൻകൂട്ടി പുനഃക്രമീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u> പൊക്കാളി കൃഷി ആരംഭിക്കുന്നതിന് മുന്നോടിയായി പാടങ്ങൾ കൃത്യസമയത്ത് ഉണക്കി കൃഷിയോഗ്യമാക്കുന്നതിനുള്ള തീയതി നിശ്ചയിക്കുന്നത് ജില്ലാകളക്ടർ, കാർഷിക സർവ്വകലാശാലയിൽ നിന്നുള്ള വിദഗ്ധർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവർ കൂടി ഉൾപ്പെടുന്ന പൊക്കാളി നില വികസന ഏജൻസിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റി (PLDA)ആണ്.**

**പാടങ്ങൾ കൃത്യസമയത്ത് ഉണക്കി കൃഷി യോഗ്യമാക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ഏപ്രിൽ 15 എന്ന തീയതി ഏപ്രിൽ 1-ലേക്ക് മാറ്റി പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് , PLDA യുടെ കഴിഞ്ഞ യോഗത്തിൽ ചർച്ച ചെയ്യുകയും, ആയത് കമ്മിറ്റിയിലെ വിദഗ്ധരുടെ അഭിപ്രായ പ്രകാരം നിലവിലെ ഏപ്രിൽ 15 എന്ന തീയതിയായി തന്നെ നിശ്ചയിക്കുകയും ചെയ്തു.**

**(ഇ)** കുമ്പളങ്ങി പഞ്ചായത്തിലെ മണൽക്കൂർ, ചൂട്ടുകാട് കരി, തെക്ക്-വടക്കൂർ പാടശേഖരങ്ങളിലെ ഔട്ടർ ബണ്ടുകൾ ബലപ്പെടുത്തുന്നതിനോടൊപ്പം സ്ഥിരമായ കോൺക്രീറ്റ് സ്ലൂയിസുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u> നബാർഡ്-RIDF ട്രാഞ്ചെ XXXI 2025-26 പ്രകാരം "എറണാകുളം ജില്ലയിലെ വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ" എന്നതിൽ ഉൾപ്പെടുത്തി ബണ്ട് നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ജലസേചന വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.**

**(എഫ്)** പഠനക്കരി പാടശേഖരത്തിൽ ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം നിർമ്മിച്ച സ്ലൂയിസ് കൃത്യമായി തുറക്കാനും അടയ്ക്കാനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u> പഠനക്കരി പാടശേഖരത്തിൽ ഇറിഗേഷൻ നിർമ്മിച്ച ബണ്ട് നിലവിൽ ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടില്ല. സ്ലൂയിസ് കൃത്യമായി തുറക്കുവാനും അടക്കാനും സ്ഥിര സംവിധാനം ഏർപ്പെടുത്തുന്നതിനു മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി കൂടി ആലോചിച്ച് പഞ്ചായത്ത് തലത്തിൽ ആണ് നടപടി സ്വീകരിക്കുന്നത്.**

**(ജി)** കൊച്ചി മണ്ഡലത്തിലെ ചെല്ലാനം, കുമ്പളങ്ങി ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി മുൻപ് ഉത്തരവായിട്ടുള്ള സുസ്ഥിര കാർഷിക ഗ്രാമം പദ്ധതി (സ.ഉ.(എം.എസ്.) നം. 110/2012/കൃഷി ) പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u> സ.ഉ. (എം.എസ്.) നം.110/2012/കൃഷി തീയതി 25.04.2012 ഉത്തരവു പ്രകാരം വിവിധ വകുപ്പുകൾ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, നാളികേര വികസന ബോർഡ്, മൃഗ സംരക്ഷണ ബോർഡ്, കൃഷി വിജ്ഞാന കേന്ദ്രം മുതലായ ഏജൻസികളുടെ ഏകോപനത്തോടു കൂടി നടപ്പിലാക്കേണ്ടിയിരുന്ന സുസ്ഥിര കാർഷിക ഗ്രാമം പദ്ധതിക്ക് ഫണ്ട് അനുവദിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറക്ക് വിവിധ വകുപ്പുകളുമായി കൂടി ആലോചിച്ചു നടപടികൾ സ്വീകരിക്കാവുന്നതാണ്.**

**സെക്ഷൻ ഓഫീസർ**